അദ്ധ്യായം 112

# അൽ ഇഖ്‌ലാസ്വ്

അവതരണം മക്കയിൽ, വചനങ്ങൾ 4

---

## അധ്യായ പരിചയം

ഏകദൈവത്തെ സമഗ്രമായി പരിചയപ്പെടുത്തുന്ന അധ്യായമാണിത്. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളിൽ ഏറിയ ഭാഗവും ഏകദൈവത്തെ പരിചയപ്പെടുത്തുവാനാണ് ഉപയോഗിച്ചിട്ടുള്ളത്. അതിനാൽ നാല് സൂക്തങ്ങളുള്ള ഈ അധ്യായത്തെ ഖുർആന്റെ മൂന്നിൽ ഒന്നായാണ് പരിഗണിക്കുന്നത്.

ഈ അധ്യായത്തിന്റെ അവതരണ കാരണമായി പല സംഭവങ്ങളും ഉദ്ധരിക്കപ്പെടുന്നുണ്ട്. ഒരിക്കൽ മക്കയിലെ ഖുറൈശികൾ പ്രവാചകനോട് നിന്റെ ദൈവത്തെ ഞങ്ങൾക്ക് പരിചയപ്പെടുത്തിത്തരണമെന്ന് ആവശ്യപ്പെട്ടതിനെ തുടർന്നാണ് ഈ അധ്യായം അവതരിച്ചതെന്ന് ചില പണ്ഡിതന്മാർ പറയുന്നു. ചോദ്യകർത്താക്കളെ സംബന്ധിച്ചിടത്തോളം അവരുടെ ആരാധ്യന്മാരെ അവർ ദിനേന ദർശിക്കുന്നവരായിരുന്നു, അത് കല്ല് കൊണ്ടുള്ളതായാലും സ്വർണം കൊണ്ടുള്ളതായാലും മരം കൊണ്ടുള്ളതായാലും ശരി. എന്നാൽ മുഹമ്മദിന്റെ ആരാധ്യൻ എങ്ങനെയുള്ളതാണെന്ന് അറിയാൻ അവർക്ക് ജിജ്ഞാസയുണ്ടായിരുന്നു. അതിനാലാണ് അവർ, നിന്റെ ദൈവത്തെപ്പറ്റി ഞങ്ങൾക്ക് വിശദീകരിച്ചുതരണമെന്ന് പ്രവാചകനോട് ആവശ്യപ്പെട്ടത്.

മക്കയിലെ ഖുറൈശികളായ ബഹുദൈവ വിശ്വാസികളെപ്പോലെ മദീനയിലെ ജൂതന്മാരും പല രീതിയിലും അല്ലാഹുവിനെ സംബന്ധിച്ച് അവന്റെ വംശമേത്, അവനെ ഏതിൽനിന്ന് സൃഷ്ടിച്ചു, അവന്റെ സ്വഭാവം ഏത് രീതിയിലുള്ളതാണ്, അവന്റെ ഗുണങ്ങൾ എങ്ങനെയുള്ളതാണ് എന്നിങ്ങനെ ചോദിക്കുകയും അവനെ പരിചയപ്പെടുത്തിക്കൊടുക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഫലത്തിൽ എല്ലാ അന്വേഷണവും ഏകദൈവത്തിന്റെ അസ്തിത്വവുമായി ബന്ധപ്പെട്ടതായിരുന്നു. അതിനാലാണ് എല്ലാ അന്വേഷണങ്ങൾക്കും മറുപടിയാകുന്ന തരത്തിൽ ഈ ഉത്തരം നല്കിയത്.

ഈ അധ്യായം അവതരിക്കുന്ന കാലത്ത് മക്കാനിവാസികളുടെ നിലവിലുണ്ടായിരുന്ന ദൈവികസങ്കല്പം ബഹുത്വത്തിൽ അധിഷ്ഠിതമായിരുന്നു. അനേകം ദൈവങ്ങൾ, അവയ്ക്കെല്ലാം ഉപരി ഒരു പരദൈവം. അതായിരുന്നു അവരെ നയിച്ചിരുന്ന ദൈവസങ്കല്പം. ദൈവത്തിന്റെ നേരെ തങ്ങളെ അടുപ്പിക്കുവാനും അവനിൽനിന്ന് കാര്യങ്ങൾ നേടുത്തരുവാനുമാണ് അവർ വിവിധ ദൈവങ്ങളെ അവലംബിച്ചിരുന്നത്. അവയെ പ്രീതിപ്പെടുത്തിയാൽ തങ്ങളുടെ ഏത് കാര്യവും സാധിച്ചുകിട്ടും, അവയുടെ കോപം വൻദുരന്തങ്ങൾക്ക് കാരണമാകും, അതിനാൽ ഭക്ഷണവും പ്രസാദവും ബലിയും നല്കി അവയെ പ്രീതിപ്പെടുത്തൽ ആവശ്യമാണ്. ഈ രീതിയിലായിരുന്നു ദൈവങ്ങളുമായുള്ള അവരുടെ ബന്ധം.

പ്രസ്തുത ദൈവങ്ങളാകട്ടെ പല നാമങ്ങളിലും അറിയപ്പെടുന്നവയായിരുന്നു. പല രൂപങ്ങളിലും അവയെ ദർശിക്കാൻ സാധിച്ചിരുന്നു. ആ രൂപങ്ങളും നാമങ്ങളും മനുഷ്യരുടെ ഭാവനാ സൃഷ്ടികളായിരുന്നു. ദൈവത്തിന്റേതായി അവർ വിഭാവനം ചെയ്ത സങ്കല്പങ്ങൾക്ക് വിവിധ രൂപം നല്കി പ്രതിഷ്ഠിക്കുകയായിരുന്നു അവർ ചെയ്തിരുന്നത്. ഈ ഭാവനാകഴിവുകൾക്ക് പ്രത്യേകം പ്രത്യേകം രൂപം ആവിഷ്കരിക്കുകയും ചെയ്തിരുന്നു. ഓരോ രൂപവും പിന്നീട് സ്വതന്ത്ര ദൈവങ്ങളായി അറിയപ്പെടാൻ തുടങ്ങി.

ലാത്ത, ഉസ്സ, മനാത്ത്, ഹുബുൽ, സുവാഅ്, യഊഖ്, യഗൂഥ്, നസ്വ്ർ തുടങ്ങിയ ആരാധ്യന്മാരെയായിരുന്നു അവർ വിവിധ ആവശ്യങ്ങൾക്ക് പൂജിച്ചിരുന്നത്. ഒരുതരം വീരാരാധനയും പിതൃആരാധനയും കൂടിച്ചേർന്ന ആരാധ്യസങ്കല്പമായിരുന്നു അത്. കാരണം, ഈ ആരാധ്യന്മാർ ഒരു കാലത്ത് അവരുടെ ഇടയിൽ ജീവിച്ചിരുന്ന മഹാന്മാരായിരുന്നു. അവരെ ദൈവികപദവിയിൽ പ്രതിഷ്ഠിച്ചിരുന്നെങ്കിലും മാനുഷികദൗർബല്യങ്ങളിൽ നിന്ന് ആ സങ്കല്പം ശുദ്ധമായിരുന്നില്ല. കാരണം, തങ്ങളുടെ ആരാധ്യർ പ്രസാദിക്കണമെങ്കിൽ അവർക്ക് ഭക്ഷണവും ബലിയും അർപ്പിക്കണമെന്നായിരുന്നു അവരുടെ വിധി. ആ ദൈവങ്ങൾക്കാകട്ടെ, മനുഷ്യസങ്കല്പത്തിനനുസരിച്ച ആകാരമില്ലായിരുന്നെങ്കിൽ അവയ്ക്ക് അസ്തിത്വം തന്നെ ഉണ്ടാകുമായിരുന്നില്ല. അതിനാൽ ആവക ദൗർബല്യങ്ങളോടൊപ്പം തന്നെ ജനം അവരെ പൂജിച്ചുപോന്നു.

മറ്റു ചിലരാകട്ടെ ചില നക്ഷത്രഗോളങ്ങൾക്ക് ദിവ്യശക്തിയെ സ്വാധീനിച്ച് തങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം ചെയ്തു തരാനാകുമെന്ന ധാരണയാൽ അവയെ ആരാധിക്കാൻ തുടങ്ങി.

ചുരുക്കത്തിൽ മുൻ പ്രവാചകന്മാരുടെ ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ അധ്യാപനങ്ങളിൽനിന്നും ആചാരങ്ങളിൽനിന്നും ജനം തീർത്തും അകലുകയും കൊള്ളരുതാത്ത ജീവിതം നയിക്കുകയുമാണ് ചെയ്തിരുന്നത്.

ഈ സാഹചര്യത്തിലാണ് ആകാശത്തിലെ ഏകദൈവത്തെ ആരാധിക്കുക, അവനല്ലാതെ നിങ്ങൾക്ക് വേറെ ആരാധ്യരില്ല എന്ന വേറിട്ട ശബ്ദവുമായി പ്രവാചകൻ മുഹമ്മദ്(സ) മക്കയിൽ ആഗതനായത്.

ഇത് സ്വാഭാവികമായും അഭിസംബോധിതരായ ജനത്തെ സംഭ്രമിപ്പിക്കുകയാണ് ചെയ്തത്. പല രീതിയിലും അവർ അതിനോട് പ്രതികരിച്ചു. അക്കൂട്ടത്തിൽ പെട്ടതാണ് ഈ ചോദ്യവും. അതിനുത്തരമായി, അവർക്ക് തീർത്തും അപരിചിതമായ രീതിയിൽ ഏകദൈവത്തിൻെറ ഗുണങ്ങളെ വിദഗ്ധമായി അവൻ തന്നെ ബോധ്യപ്പെടുത്തിക്കൊടുക്കുകയാണ് ചെയ്തത്.

ഏറെ പ്രാധാന്യമുള്ള അധ്യായമാണിത്. അതിൻെറ പാരായണ പ്രാധാന്യത്തെക്കുറിച്ച് പ്രവാചകൻ പല പ്രകാരത്തിലും തൻെറ അനുയായികളെ പഠിപ്പിക്കുകയുണ്ടായി.

ഖുർആൻെറ അധ്യായങ്ങൾക്ക് നാമകരണം ചെയ്തിരിക്കുന്നത് ആ അധ്യായത്തിലെ ഏതെങ്കിലും ഒരു നാമത്തെയോ മറ്റോ ആസ്പദമാക്കിയായിരിക്കും. എന്നാൽ ഈ അധ്യായം ആ രീതിയിൽനിന്നും തികച്ചും വ്യത്യസ്തമാകുന്നു.

ഏകദൈവത്തിൻെറ ഏകത്വം അംഗീകരിച്ച് അവനെ തൻെറ മേൽ പരമാധികാരിയും താൻ അവൻെറ വിനീത ദാസനുമാണന്ന് സമ്മതിക്കുക വഴി ജീവിതത്തിലുണ്ടാകുന്ന അദ്ഭുതകരമായ പരിവർത്തനത്തെ മുൻനിറുത്തിയാണ് ഈ അധ്യായത്തിന് അൽഇഖ്‌ലാസ്വ് അഥവാ നിഷ്കളങ്കവിശ്വാസം എന്ന് നാമകരണം ചെയ്തിരിക്കുന്നത്.

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

| | |
|---|---|
| ഖുൽ | قُلْ |
| പ്രവാചകരേ, പറയുക | |
| ഹുവല്ലാഹു | هُوَ اللّٰهُ |
| അവൻ, അല്ലാഹു | |
| അഹദ് | أَحَدٌ |
| ഏകനാകുന്നു. | |
| അല്ലാഹുസ്സ്വമദ് | اللّٰهُ الصَّمَدُ |
| അല്ലാഹു പരാശ്രയരഹിതനാകുന്നു | |
| ലം യലിദ് | لَمْ يَلِدْ |
| അവൻ ജനിച്ചിട്ടില്ല | |
| വലം യൂലദ് | وَلَمْ يُولَدْ |
| അവൻ (സന്താനങ്ങൾക്ക്) ജന്മം നല്കിയിട്ടുമില്ല | |
| വലം യകുല്ലഹു | وَلَمْ يَكُن لَّهُ |
| അവന് ഇല്ല | |
| കുഫുവൻ | كُفُوًا |
| തുല്യനായി (ആരും) | |

അഹദ് أَحَدٌ

ആരും.

---

**വചന വിശകലനം:**

---

قُلْ ഖുൽ.

പറയുക.

---

പറയുക എന്നതുകൊണ്ട് കേവലം ഏറ്റുപറയലല്ല, തുറന്ന പ്രഖ്യാപനമാണ് ഉദ്ദേശിക്കുന്നത്. ഒരു കാര്യം പ്രഖ്യാപിക്കണമെങ്കിൽ ചില കാര്യങ്ങൾ അനിവാര്യമാണ്.

1. പ്രഖ്യാപിക്കുന്ന കാര്യം തനിക്ക് ബോധ്യമുണ്ടാകണം.
2. ബോധ്യത്തിൻെറ അടിസ്ഥാനത്തിൽ അത് മുഴുവൻ ശരിയാണെന്ന് വിശ്വസിക്കണം.
3. ആ വിശ്വാസത്തോട് നൂറ് ശതമാനവും ആത്മാർഥത പുലർത്തി അതിനനുസരിച്ച് തൻെറ ജീവിതം ക്രമപ്പെടുത്തണം.

ഈ സവിശേഷതകളോടു കൂടിയ തുറന്ന പ്രഖ്യാപനമാണ് ആത്മാർഥമായത്. സംശയ ഗ്രസ്തമായ മനസ്സോടും ചാഞ്ചല്യത്തോടും കൂടി ദൈവവിശ്വാസം പ്രഖ്യാപിക്കാവതല്ല. ജീവിതത്തിൽ പ്രതിഫലിച്ചു കാണാത്ത വിശ്വാസപ്രഖ്യാപനവും സാധുവല്ല. അത്തരം സാഹചര്യങ്ങളിൽ ഒരു സംഗതിയും ആത്മാർഥമായി പ്രഖ്യാപിക്കാനാവുകയില്ലല്ലോ.

ആത്മാർഥമല്ലാത്ത വിശ്വാസപ്രഖ്യാപനം ദൈവത്തിങ്കൽ സ്വീകാര്യമല്ല. കാരണം, പ്രഖ്യാപനത്തിനു പിന്നിലുള്ള മനസ്സാണ് അവൻ വീക്ഷിക്കുന്നത്. “ദൈവം നിങ്ങളുടെ രൂപത്തിലേക്കല്ല നോക്കുന്നത് നിങ്ങളുടെ ഹൃദയത്തിലേക്കാണെ”ന്ന് പ്രവാചകൻ മുഹമ്മദ്(സ) പഠിപ്പിച്ചത് അതിനാലാണ്.

വിശ്വാസവും കർമവുമനുസരിച്ച് കപടൻ, നിഷ്കളങ്കൻ എന്നൊക്കെ ആളുകളെ തരംതിരിക്കുന്നത് അവരിലെ ആത്മാർഥ പരിഗണിച്ചുകൊണ്ടാണ്. അതിനാലാണ് ആത്മാർഥമായതു മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ എന്ന് അവൻ തന്നെ നമ്മെ പഠിപ്പിച്ചത്. മനസ്സിലില്ലാത്ത ഒരു കാര്യം പറയുന്നതാകട്ടെ കുറ്റകരവുമാണ്.

ഒരു കാര്യം പ്രഖ്യാപിക്കുന്നത് ജീവിതത്തിൻെറ ഭാഗം എന്ന നിലക്കാണ്. പ്രഖ്യാപിക്കുന്ന വിശ്വാസമാകട്ടെ വൃഥാവേലയല്ല. തൻെറ ജീവിതത്തെ സമൂലം പരിവർത്തിപ്പിക്കുകയും ഭാവി ജീവിതത്തിൽ സ്വാധീനം ചെലുത്തുകയും പാരത്രിപരിണതി നന്നാക്കുകയും ചെയ്യുമാറ് ശക്തമായ കാര്യമാണത്. അതിനാൽ ഗൗരവത്തോടെയാണ് അതിനെ കൈകാര്യം ചെയ്യേണ്ടത്. അതിനു മുമ്പിൽ ഭൗതികങ്ങളായ കെട്ടുപാടുകളോ ആശങ്കകളോ പാടില്ല. കാരണം, സൃഷ്ടിച്ചവനുമായാണ് അതിൻെറ ബന്ധം. സൃഷ്ടികളിൽ ആരുമായും അതിന് ആശ്രിതത്വം അനുവദിക്കരുത്.

ശരിയെന്നും ദൈവികമെന്നും ബോധ്യപ്പെട്ട സംഗതികളെ ഭൗതികമായ കെട്ടുപാടുകളെ മറയാക്കി അവഗണിക്കൽ ഏറെ ഗുരുതരമായ തെറ്റാണ്. സംരക്ഷിക്കുന്നവനും സഹായിക്കുന്നവനും ദൈവമാണല്ലോ. അതിനാൽ ധീരമായി, ആത്മാർഥമായി വേണം കാര്യങ്ങളെ സമീപിക്കുവാൻ. അതിൻെറ ഭാഗം തന്നെയാണ് ദൈവം ഏകനാണെന്ന പ്രഖ്യാപനവും. ആ സത്യം തുറന്നു പറയാൻ ആരെയും ഭയപ്പെടേണ്ടതില്ല. അല്ലാഹു പറഞ്ഞു: “നിങ്ങൾ എന്നെ മാത്രം ഭയപ്പെടുവിൻ.”

ഏകനായ അല്ലാഹുവിനു മാത്രം ആരാധനയർപ്പിക്കുന്നത് പൊറുപ്പിക്കാതിരുന്ന ബഹുദൈവത്വത്തിൻെറതായ സാഹചര്യത്തിലാണ് ഈ പരമാർഥം പ്രഖ്യാപിക്കാൻ അല്ലാഹു പ്രവാചകൻ മുഹമ്മദ്(സ)യോട് പറഞ്ഞത്. തന്നിൽ അർപ്പിതമായ ആ ഉത്തരവാദിത്തം അദ്ദേഹം തുറന്നു പ്രഖ്യാപിക്കുക തന്നെ ചെയ്തു. അത് ജനത്തിനുള്ള പ്രബോധനവും അവരുടെ ചോദ്യത്തിനുള്ള ഉത്തരവുമായിരുന്നു.

ഈ പ്രഖ്യാപനം ഓരോ വിശ്വാസിയുടെയും ബാധ്യതയാണ്. രണ്ട് കാരണങ്ങളുണ്ടതിന്:
ഒന്ന്, തൻെറ വിശ്വാസം ബഹുദൈവത്വത്തിൻെറതായ എല്ലാവിധ കലർപ്പുകളിൽ സുരക്ഷിതമാണെന്ന് സമ്മതിക്കൽ.
രണ്ട്, ഏകനായ ദൈവം തൻെറ ദൈവമായതുപോലെ താൻ വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്ന ഗുണങ്ങളിൽ അവൻ നിസ്തുലനാണെന്ന പരമാർഥം ലോകത്തെ ബോധ്യപ്പെടുത്തൽ.

هُوَ اللهُ  ഹുവല്ലാഹു

**അവൻ, അല്ലാഹുവാകുന്നു.**

അല്ലാഹു എന്ന സംജ്ഞ ഏകദൈവത്തിൻെറ സാക്ഷാൽ നാമമാണെന്നും ആ നാമത്തിൽ അവനല്ലാത്ത ദൈവം വേറെയില്ലെന്നും അവൻ മാത്രമാണ് പരമമായ ശക്തിയെന്നും പ്രവാചകൻ മുഹമ്മദ്(സ)ക്ക് ചുറ്റും ജീവിച്ചിരുന്ന ആളുകൾക്ക് അറിയുമായിരുന്നു. അതിനാലാണ് അവരോട് നിങ്ങൾ പരമശക്തനായി കണക്കാക്കുന്ന ആ ശക്തിയെ തന്നെയാണ് ഞാൻ ഉദ്ദേശിക്കുന്നതെന്നും അല്ലാതെ നിങ്ങൾക്ക് അപരിചിതനായ ഒരു ദൈവത്തെയല്ല ഞാൻ പരിചയപ്പെടുത്തുന്നതെന്നും അവരെ തെര്യപ്പെടുത്തും വിധം അങ്ങനെ പറഞ്ഞത്. എന്നാൽ മക്കയിലെ ഖുറൈശികളെ സംബന്ധിച്ചിടത്തോളം ആരാധ്യർ വേറെയുമുണ്ടായിരുന്നു. അവരെയൊക്കെ അവർ ഇലാഹ് (ആരാധ്യന്മാർ) എന്നായിരുന്നു വിളിച്ചിരുന്നത്. അതോടൊപ്പം എല്ലാ കഴിവുകൾക്കും ഉടമയും സകലതിൻെറയും സ്രഷ്ടാവും അല്ലാഹു മാത്രമാണെന്ന് അവർ വിശ്വസിക്കുകയും ചെയ്തിരുന്നു. പക്ഷേ, തങ്ങളുടെ ആരാധന അവന് മാത്രം അർപ്പിക്കുന്നതിലായിരുന്നു അവർക്ക് പ്രതിഷേധം. പരമശക്തനായ അവനെ പ്രാപിക്കുവാൻ ചെറിയ ആരാധ്യന്മാരെ ഇടയാളന്മാരായി സ്വീകരിക്കണമെന്നായിരുന്നു അവരുടെ വിശ്വാസം. അതാകട്ടെ, സമൂഹത്തിൻെറ മനസ്സിൽ അരക്കിട്ടുറപ്പിച്ച പൗരോഹിത്യത്തിൻെറ നിർമിതിയായിരുന്നു.

ആ കാലഘട്ടത്തിലെ ജൂത-ക്രൈസ്തവ വിശ്വാസികളുടെ അവസ്ഥയും മറിച്ചായിരുന്നില്ല. അല്ലാഹു ആരാണെന്നും അവനും മനുഷ്യനുമായുള്ള ബന്ധമെന്തെന്നും മറ്റാരെക്കാളും അവർക്ക് ശരിക്ക് അറിയാമായിരുന്നു. പക്ഷേ, പൗരോഹിത്യം അവരെ യാഥാർഥ്യത്തിൽനിന്ന് അകറ്റുകയും ദൈവമായി അവനല്ലാത്തവയും ഉടലെടുക്കുകയും ചെയ്തു. അതോടൊപ്പം തങ്ങളിലേക്ക് പ്രവാചകനായി ആഗതനായ "മക്കക്കാരൻ മുഹമ്മദി"നോടും അവർക്ക് വിയോജിപ്പുണ്ടായിരുന്നു. കാരണം, ക്രൈസ്തവതക്കു മേൽ ജയം നേടാൻ തങ്ങളിൽ ഒരു പ്രവാചകൻ വരുമെന്ന് ജൂതന്മാരും ജൂതന്മാർക്കു മേൽ തങ്ങൾക്ക് വിജയവുമായി ഒരു ദൈവദൂതൻ തങ്ങളിൽ ആഗതനാകുമെന്ന് ക്രൈസ്തവതയും വീമ്പിളക്കി കാത്തിരിക്കുകയായിരുന്നു. വന്നതാകട്ടെ മക്കയിലെ ഖുറൈശീവംശജനായ ഒരാളും. അത് അദ്ദേഹത്തെയും അദ്ദേഹം പ്രബോധനം ചെയ്ത ആദർശത്തെയും തുറന്നെതിർക്കാൻ മാത്രം അവരെ ഉദ്യുക്തരാക്കി. അതിനാലാണ് "നീ പറയുന്ന അല്ലാഹുവിനെ ഞങ്ങൾക്ക് അറിയില്ല, അവൻ എങ്ങനെയുള്ളവനാണെന്ന് ഞങ്ങൾക്ക് ഒന്ന് പരിചയപ്പെടുത്തിതരൂ" എന്ന് അവർ പറഞ്ഞത്.

ഏകദൈവത്തിൻെറ സാക്ഷാൽ നാമമാണ് അല്ലാഹു. ആരാധ്യൻ എന്ന അർഥത്തിൽ അറബിയിൽ ഉപയോഗിക്കുന്ന ഇലാഹ് എന്ന വാക്കിനോടൊപ്പം സവിശേഷ സൂചകപ്രയോഗമായ അൽ എന്ന പ്രത്യേയം ചേർന്ന രൂപമായ അൽഇലാഹിൽനിന്നാണ് അല്ലാഹു നിഷ്പദിച്ചത്.

ആകാശഭൂമികളുടെ സ്രഷ്ടാവായ അവന് ഈ പ്രപഞ്ചത്തിലെവിടെയും സമന്മാരില്ല എന്നത് കേവലം വിശ്വാസികളുടെ അവകാശവാദമല്ല, അല്ലാഹുവിൻെറ തന്നെ അവകാശവാദമാണ്. "അവന് സദൃശമായി യാതൊന്നുമില്ല" എന്ന് ഖുർആൻ പ്രഖ്യാപിക്കുകയുണ്ടായി. സാദൃശ്യമോ, സമത്വമോ, തുല്യതയോ ഇല്ലാത്ത അനുഗൃഹീതനും സ്വയംപൂർണനുമായ ശക്തിയാണവൻ. മറ്റെല്ലാ മതങ്ങളും അവന് മൂർത്തിസങ്കല്പം നല്കുമ്പോൾ മൂർത്തിസങ്കല്പങ്ങൾക്കതീതമാം വിധം ശക്തി-മാഹാത്മ്യങ്ങൾക്കുടയവനും പ്രതാപവാനുമാണവനെന്ന് ഖുർആൻ വ്യക്തമാക്കുന്നു. അതിനാൽതന്നെ സൃഷ്ടിപരമായ എല്ലാ ദൗർബല്യങ്ങളിൽനിന്നും അവൻ മുക്തനാകുന്നു. അത്തരം സങ്കല്പങ്ങൾ കുറ്റകരമായ കൃത്യമത്രെ. അവൻ പറഞ്ഞു:

*"അല്ലാഹുവിന് ഭാവനാചിത്രങ്ങളും ഉപമാ വാക്യങ്ങളും കെട്ടിച്ചമയരുത്."*
(കൂടുതൽ വിശദീകരണത്തിന് ഈ സൈറ്റിലെ ഏകദൈവത്വം എന്ന അദ്ധ്യായം നോക്കുക.)

أَحَدٌ  അഹദ്

**ഏകനാകുന്നു.**

അതായത്, നിങ്ങൾ ഏതൊരു അല്ലാഹുവിനെക്കുറിച്ച് എന്നോട് ചോദിച്ചുകൊണ്ടിരിക്കുന്നുവോ അവൻ ഏകനാണ്. അതായത്, അവൻ മാത്രമാണ് ഏകനായ ദൈവം.

അവന് തുല്യൻ ആരുമില്ല. സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്കധിപൻ, ആരാധ്യൻ, കല്പിക്കാനും വിരോധിക്കാനും അവകാശമുള്ളവൻ, സംരക്ഷിക്കുന്നവൻ, ഭരിക്കുന്നവൻ, അഭയമരുളുന്നവൻ, അന്നദാതാവ്, എല്ലാം കേൾക്കുന്നവനും കാണുന്നവനും അറിയുന്നവനും തുടങ്ങി എല്ലാ ഗുണങ്ങളിലും അവൻ ഏകനും നിസ്തുലനുമാണ്. ഖുർആൻ പറഞ്ഞു:

*"ദൈവം ഒരേയൊരുവൻ മാത്രമാകുന്നു. നിങ്ങളകപ്പെട്ടിട്ടുള്ള ബഹുദൈവത്വത്തിൽനിന്ന് തികച്ചും വിമുക്തനുമാകുന്നു ഞാൻ. നാം വേദം നല്കിയിട്ടുള്ളവരോ, അവർ തങ്ങളുടെ മക്കളെ എവ്വിധം സംശയരഹിതമായി അറിയുന്നുവോ, അവ്വിധം അറിയുന്നവരാകുന്നു."*

എല്ലാ മതദർശനങ്ങളും തത്വത്തിൽ സമ്മതിക്കുന്ന കാര്യമാണ് ദൈവത്തിന്റെ ഏകത്വം. പക്ഷേ, അനുഷ്ഠാനരംഗത്താണ് അവന്റെ ഏകത്വം അവരിൽനിന്ന് പാളിപ്പോകുന്നത്. സൃഷ്ടിസംബന്ധമായ ഏത് കാര്യം പരിശോധിച്ചാലും ഖുർആൻ അതിന്റെ പ്രതിപാദനം ആരംഭിക്കുന്നത് ഇങ്ങനെയാണ്: ഹുവല്ലദീ ഖലക........ അതായത് സൃഷ്ടികർതൃത്വം അവന്റേത് മാത്രമാണെന്ന് സാരം. ഇതേ വസ്തുത എല്ലാ ദർശനങ്ങളും താത്വികമായി അംഗീകരിക്കുന്നവയാണെങ്കിലും ബഹുത്വത്തിലധിഷ്ഠിതമായ കർമരംഗമാണ് പൗരോഹിത്യം സാധാരണക്കാരന് നല്കിയിട്ടുള്ളത്. ഭൂമുഖത്ത് ആഗതരായ എല്ലാ പ്രവാചകരുടെയും അധ്യാപനവും ഏകത്വമായിരുന്നല്ലോ.

ഏകത്വം എന്നത് അവന്റെ ഗുണസമ്പൂർണതക്ക് അനിവാര്യമാണ്. അംശിക്കപ്പെടാതിരിക്കുകയെന്നത് അവന്റെ പൂർണതക്ക് അനിവാര്യമാണ്. അവന്റെ അസ്തിത്വം മറ്റേതെങ്കിലും അസ്തിത്വവുമായി കൂടിക്കലരുകയോ പുനരവതരിക്കുകയോ ചെയ്യുന്നത് അവന്റെ ഏകത്വത്തിനും പൂർണതക്കും ചേർന്നതല്ല. ഉദ്ദേശിച്ചതെന്തും അതേ നിമിഷം ചെയ്യാൻ കഴിയുന്ന അവന്റെ കഴിവുകൾ അവകാശപ്പെടാൻ മാത്രം പ്രാപ്തരായ അസ്തിത്വമുണ്ടെന്ന സങ്കല്പമാണ് അവന്റെ ഏകത്വത്തിന് വിരുദ്ധമായ ബഹുദൈവത്വചിന്ത. അത്തരം ചിന്തകൾ രൂപം നല്കുന്ന ദർശനമാണ് ബഹുദൈവത്വത്തിലധിഷ്ഠിതമായ ദർശനങ്ങൾ. അത്തരം ദർശനങ്ങൾ മുൻപോട്ടുവെക്കുന്ന ആരാധനാ രീതികളാണ് ബഹുദൈവാരാധന. അവയെല്ലാം ഫലത്തിൽ ചെയ്യുന്നത് ഏകദൈവമായ സ്രഷ്ടാവിൽനിന്നും മനുഷ്യനെ അകറ്റുകയത്രെ.

---

اللّٰهُ الصَّمَدُ അല്ലാഹുസ്സ്വമദ്

അല്ലാഹു പരാശ്രയമുക്തനാണ്, (സർവരാലും ആശ്രയിക്കപ്പെടുന്നവനുമാകുന്നു).

---

സ്വമദ് എന്ന വാക്ക് ഏതെങ്കിലും ചെറിയ അർഥത്തിൽ പരിമിതമാക്കാനാകാത്ത വിധം വിശാല ആശയമുള്ള ഒരു വാക്കാകുന്നു. അവയിൽ പ്രധാനപ്പെട്ട ചില ആശയങ്ങളെ നമുക്ക് ചുരുക്കത്തിൽ പരിചയപ്പെടാം.

*1. എല്ലാവർക്കും ആശ്രയമായിട്ടുള്ളവൻ.*

അവന്റെ ആശ്രയവും കരുണയും സംരക്ഷണവും പിന്തുണയുമില്ലാതെ ലോകത്ത് ഒരു അണുമണി പോലും ഉണ്ടാവുകയോ നിലനില്ക്കുകയോ ചെയ്യുന്നില്ല. എല്ലാം അവന്റെ പ്രത്യേക പരിചരണത്തിലും പരിപാലനത്തിലും മേൽനോട്ടത്തിലുമാണ് നിലകൊള്ളുന്നത്. പ്രകൃതിയിലെ ഓരോ വസ്തുവും അവയുടെ ആവശ്യങ്ങൾക്കായി അവനെ മാത്രമാണ് ആശ്രയിക്കുന്നത്.

*2. ഒന്നിനെയും ആശ്രയിക്കാത്തവൻ*

ഏകദൈവം സ്വയം സമ്പൂർണനും ഐശ്വര്യവാനുമായതിനാൽ അവന് തന്റെ സൃഷ്ടികളിൽ ഒന്നിനെയും ആശ്രയിക്കേണ്ടതില്ല. അവന്റെ സഹായവും അശ്രയവും കൂടാതെ സ്വയം ജീവിക്കാൻ സാധിക്കാത്തവയെ അവൻ എന്തിന് ആശ്രയിക്കണം?

*3. പദവിയിൽ എല്ലാം ഒത്തിണങ്ങിയ അത്യുന്നതൻ*

അവനെക്കാൾ ഉന്നതനായി ആരുമില്ല. അവനെ കവച്ചുവെക്കുന്ന ഒരു ശക്തിയുമില്ല. എല്ലാ കഴിവുകൾക്കും അവൻ ഉടയവനാണ്. ഉന്നതവും മഹത്വമുള്ളതുമാണ് അവന്റെ അസ്തിത്വം. ന്യൂനതകൾ ഒന്നും തന്നെ അവനെ ബാധിച്ചിട്ടില്ല. ദൗർബല്യങ്ങളോ അശക്തതയോ അവനെ ഒട്ടും ബാധിക്കുകയില്ല.

4. എല്ലാറ്റിനെയും സംബന്ധിച്ച് അറിവുള്ള സകലജ്ഞൻ

എല്ലാറ്റിനെ സംബന്ധിച്ചും അവൻ തികഞ്ഞ ബോധവാനും അറിവുള്ളവനുമാകുന്നു. ഒന്നും അവനിൽനിന്ന് ഗോപ്യമല്ല. ദൃശ്യ-അദൃശ്യമെന്നത് അവനില്ല. എല്ലാം അവന് ദൃഷ്ടി ഗോചരമാണ്. അവൻെറ അറിവും സമ്മതവുമില്ലാതെ ഇവിടെ ഒന്നും സംഭവിക്കുന്നില്ല. അവൻെറ യുക്തിയും ജ്ഞാനവും അനുസരിച്ചാണ് ഈ പ്രപഞ്ചം മുഴുവൻ ചലിച്ചുകൊണ്ടി രിക്കുന്നത്.

6. എന്നെന്നും ജീവിച്ചിരിക്കുന്നവൻ

സൃഷ്ടികൾ അഖിലം ഒരുനാൾ നശിച്ചൊടുങ്ങും. മരണത്തിന് കീഴടങ്ങി ഈ ലോക ത്തുനിന്ന് വിട പറയാത്ത ഒരു ജീവിയും ഇവിടെ ജനിക്കുന്നില്ല. എന്നാൽ എന്നെന്നും അവശേഷിക്കുന്നവൻ ദൈവം മാത്രമാണ്. അവൻ മാത്രമാണ് നിത്യജീവത്തായവനും എന്നെന്നും നിലനില്ക്കുന്നവനും.

7. ഉള്ളിൽനിന്ന് ഒന്നും പുറത്തേക്ക് പോവുകയോ പുറത്തുനിന്ന് ഒന്നും അകത്തേക്ക് പ്രവേശിക്കുകയോ ചെയ്യാത്ത വിധം സുഭദ്രമായ ശക്തൻ.

അവൻെറ ശക്തി-പ്രതാപങ്ങൾ അവനല്ലാത്ത മറ്റൊന്നിലും ലീനമല്ല. അത് അവന് മാത്രം അവകാശപ്പെട്ടതാണ്. തൻെറ കാര്യങ്ങൾ ചെയ്യാൻ താനല്ലാത്ത ഒന്നിൻെറ ശക്തി യോ പ്രതാപമോ അവനിലേക്ക് ഉൾച്ചേരേണ്ടതുമില്ല. സ്വന്തം ശക്തിയും അധികാരവുമു പയോഗിച്ച് അവനിൽനിന്ന് വല്ലതും തട്ടിയെടുക്കാൻ ആർക്കും സാധിക്കുകയില്ല.

8. ഉള്ള് നികന്ന അവസ്ഥയിലുള്ളവൻ

അവൻ നിസ്തുലനാണെന്നും എല്ലാ കഴിവുകൾക്കും ഉടയവനാണെന്നും നേരത്തെ സൂചിപ്പിക്കുകയുണ്ടായി. പ്രപഞ്ചകാര്യങ്ങളെ നോക്കി നിയന്ത്രിക്കാൻ അവന് മറ്റാരുടെയെ ങ്കിലും സഹായം ആവശ്യമില്ലാത്തവിധം എല്ലാം തികഞ്ഞവനാണവൻ.

9. എല്ലാവരുടെയും അന്തിമ ലക്ഷ്യസ്ഥാനം

അവനിൽനിന്നാണ് എല്ലാവരുടെയും തുടക്കം. അവസാനവും അവങ്കലേക്ക് തന്നെ. എത്ര തന്നെ നിഷേധിച്ചാലും ശരി, മരണശേഷം അവൻെറ മുമ്പിൽ എഴുന്നേറ്റ് ജീവിത കണക്കുകൾക്ക് മറുപടി പറയാതെ ആരും രക്ഷപ്പെടുകയില്ല.

10. കാര്യങ്ങൾക്ക് അവലംബിക്കാൻ പര്യാപ്തനായവൻ

അവനല്ലാത്ത ഒരു അവലംബവും സൃഷ്ടികൾക്ക് വേറെയില്ല. അവനിൽ ഭരമേ ല്പിക്കുന്ന ഒന്നിനെയും അവൻ പാഴാക്കുകയില്ല. സംരക്ഷിക്കാൻ ശക്തനും വിശ്വസ്ത നുമാണവർ.

11. എല്ലാറ്റിനും നായകനായവൻ

അവനാണ് എല്ലാറ്റിൻെറയും ഉപരിയായുള്ളവനും ഉന്നതനും. എല്ലാറ്റിനെ സംബന്ധിച്ചും നന്നായി അറിയുന്നവനും അവൻ മാത്രമാണ്. അവൻെറ സംരക്ഷണത്തിലും മേൽനോ ട്ടത്തിലുമാണ് എല്ലാം നിലകൊള്ളുന്നത്. ഓരോന്നിനും അവയുടെ പ്രകൃതിക്ക് അനുയോ ജ്യമായ സംവിധാനം നല്കി മുന്നോട്ട് കൊണ്ടുപോകുന്നത് അവൻ മാത്രമാണ്.

12. അഭയമേകുന്നവൻ

ജീവികളെ എല്ലാ ആപത്തുകളിൽനിന്നും സംരക്ഷിക്കുകയും അവക്കാവശ്യമായ അഭയം നല്കുകയും ചെയ്യുന്നത് ദൈവം മാത്രമാണ്. കാരണം, അവൻ മാത്രമാണ് യഥാർഥ ശക്തനും എല്ലാറ്റിനും ഉടമയും. അവനെ പരാജയപ്പെടുത്തി ആർക്കും ഒരാളെയും അപാ യപ്പെടുത്താൻ സാധിക്കില്ല. അവനോട് അഭയം തേടുന്നവരെ ഉപദ്രവിക്കാൻ ആർക്കും സാധ്യമല്ല.

13. ആവശ്യങ്ങൾ പൂർത്തീകരിച്ചുകൊടുക്കുന്നവൻ

ജീവികളുടെ പ്രകൃതിപരമായ എല്ലാ ആവശ്യങ്ങളും കണ്ടറിഞ്ഞ് നിർവഹിച്ചുകൊടുക്കു ന്നവൻ ദൈവം മാത്രമാണ്. സൃഷ്ടി ചോദിക്കുന്നതും ചോദിക്കാത്തതും അവൻ അറിഞ്ഞതും അറിയാത്തതുമായ ആവശ്യങ്ങൾ പോലും ദൈവം കണ്ടറിയുകയും അത് നടപ്പിലാക്കി സൃഷ്ടിയെ സഹായിക്കുകയും ചെയ്യുന്നു. കാരണം, അവനാണല്ലോ സ്രഷ്ടാവും പരിപാ ലകനും.

14. ഘടിപ്പിക്കപ്പെടുവാനോ വിഘടിപ്പിക്കപ്പെടുവനോ സാധ്യമല്ലാത്തവൻ

അല്ലാഹുവിൻെറ കഴിവ് ആർക്കും ലഭ്യമല്ല. അവനിൽ ഒന്നിലും ലീനവുമല്ല. ഏതെങ്കിലും വിധത്തിൽ ഓഹരിവെക്കാവുന്നതോ വിഘടിപ്പിക്കാവുന്നതോ ആയ ഘടനയോടു കൂടിയ അസ്തിത്വമല്ല അവൻ. അവൻ പൂർണനാണ്. ഇനി ഒന്നിൻെറ ആവശ്യം അവന് നേരിടുന്നില്ല.

**15.** അത്യന്തം പ്രകാശിക്കുന്നത്.

അവനാണ് പ്രകാശങ്ങളുടെ പ്രകാശം. അവൻെറ പ്രകാശംകൊണ്ടാണ് പ്രപഞ്ചം പ്രകാശിക്കുന്നത്. ഒരു ഇന്ധനവും ആവശ്യമില്ലാതെ സ്വയം പ്രകാശിക്കുന്നവനാണവൻ. ആകാശ ഭൂമികൾ നിറഞ്ഞ മഹാപ്രപഞ്ചത്തിൻെറ പ്രകാശം. പ്രകാശത്തിനു മേൽ പ്രകാശമാണവൻ.

ഇനിയും എണ്ണിപ്പറയാൻ മാത്രം വിശാലമാണ് അസ്സ്വമദ് എന്ന വാക്കിൻെറ അർഥം. അസ്സ്വമദിൻെറ വിവക്ഷയത്രെ ദൈവം ഒരുവൻ ആവുകയെന്നത്. കാരണം, മുകളിൽ പറഞ്ഞ എല്ലാ അർഥങ്ങളെയും ആശയങ്ങളെയും മുമ്പിൽ വെച്ച് പരിശോധിച്ചാൽ അതിൽ ഏതെങ്കിലും ഒന്നുപോലും അവകാശപ്പെടാവുന്ന മറ്റേതെങ്കിലും ശക്തി ഇല്ല എന്നു ബോധ്യമാകും. ഈ വസ്തുത മൂന്ന് കാര്യങ്ങളെ നമ്മെ ഉണർത്തുന്നു.
ഒന്ന്, മനുഷ്യന് ഏകദൈവമല്ലാതെ ആശ്രയിക്കാവുന്ന ഒരവലംബം വേറെയില്ല.
രണ്ട്, തനിക്ക് അവലംബവും ആശ്രയവുമായ അസ്സ്വമദിന് മാത്രമാണ് താൻ തൻെറ ആരാധനകൾ അർപ്പിക്കേണ്ടത്.
മൂന്ന്, കാരണം, അസ്സ്വമദ് അവനായതിനാൽ അവൻ ഒരുവൻ മാത്രമാണ് മുഴുവൻ പ്രപഞ്ചങ്ങളുടെയും ആരാധനക്കർഹൻ.

ഭാഷാപരമായ ഒരു സംഗതി കൂടി നാം മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. “അല്ലാഹു അസ്സ്വമദ്” എന്നാണ് പറഞ്ഞിട്ടുള്ളത്. “അല്ലാഹു സ്വമദ്” എന്നല്ല. സ്വമദ് എന്ന നാമത്തോടൊപ്പം പ്രത്യേക സൂചകാർഥത്തിലുള്ള “അൽ” കൂടി ചേർത്തിരിക്കുന്നു. അതിന് കാരണം, ഏതെല്ലാം അർഥങ്ങൾ അസ്സ്വമദ് എന്ന വാക്ക് ഉൾക്കൊള്ളുന്നുവോ അതെല്ലാം അവന് മാത്രം അവകാശപ്പെട്ടതാണെന്ന് ബോധ്യപ്പെടുത്തുവാനാണ്. അതിനാലാണ് ആളുകൾക്ക് അസ്സ്വമദ് എന്ന് നാമകരണം ചെയ്യാതെ അബ്ദുസ്സ്വമദ് എന്ന് പേർ വെക്കുന്നത്. സ്രഷ്ടാവും സൃഷ്ടിയും കഴിവുകളിൽ വ്യത്യസ്തമാണല്ലോ.

എല്ലാ സൃഷ്ടികളും അല്ലാഹുവിൻെറ അസ്സ്വമദ് എന്ന കഴിവിനെ ആശ്രയിച്ചാണിരിക്കുന്നത്. തൻെറ ഒരാവശ്യവും സ്വന്തം നിലക്ക് പൂർത്തീകരിക്കാൻ സൃഷ്ടികളിൽ ആരും പ്രാപ്തരല്ല. ശ്വസിക്കുന്ന വായു പോലും സ്വന്തം ഇഛക്കൊത്തല്ല ലഭിക്കുന്നത്. അതും ദൈവത്തിൻെറ കാരുണ്യത്തിൻെറ ഫലമാണ്, മനുഷ്യൻ ആ പരമാർഥം അംഗീകരിക്കട്ടെ, അംഗീകരിക്കാതിരിക്കട്ടെ. അതിനാൽ തന്നെ തൻെറ എല്ലാ വിധേയത്വവും അവന് മാത്രമായി സമർപ്പിക്കണമെന്നു തന്നെയാണ് അത് മനുഷ്യബുദ്ധിയോട് ആവശ്യപ്പെടുന്നത്.

ആത്യന്തികമായി നാം മനസ്സിലാക്കേണ്ട വസ്തുത ഇതത്രെ: ഏകദൈവത്തിൻെറ ആസ്തിക്യത്തിലുള്ള വിശ്വാസം മനുഷ്യൻെറ ജീവിതയാഥാർഥ്യം പൂർത്തിയാകാനുള്ള ഉപാധിയാകുന്നു. ജന്തുക്കളിൽനിന്നും അവനെ വേർതിരിക്കുന്ന ഘടകങ്ങളിൽ പ്രധാനം മനസ്സിൻെറ ആത്മീയചിന്തയും അതിനനുസരിച്ച അനുഷ്ഠാനങ്ങളുമാകുന്നു. മനുഷ്യനെ അവൻെറ ലക്ഷ്യത്തിലേക്കെത്തിക്കുന്നതും അതേ വിശ്വാസവും കർമവും തന്നെയാകുന്നു. വിശ്വാസവും കർമവും ഏകീകൃതമാകണം. താദാത്മ്യപ്പെടണം. അത് സാധിക്കുന്നതാകട്ടെ മേൽ സൂചിപ്പിച്ച വിധം ഏകദൈവത്തെ തൻെറ നാഥനും അധിപനുമായി അംഗീകരിക്കുന്നതിലൂടെ മാത്രമാണ്.

അങ്ങനെയൊക്കെയാണെങ്കിലും തൻെറ ഒരാവശ്യത്തിനും സൃഷ്ടികളിൽ ഒരാളെയും അവലംബിക്കേണ്ട ആവശ്യം ദൈവത്തിനില്ല. സൃഷ്ടികൾ എല്ലാവരും കൂടെ അവനെതിരെ തിരിഞ്ഞാലും അവന് ഒട്ടും നഷ്ടമോ പ്രയാസമോ ഉണ്ടാക്കാൻ സാധിക്കുന്നതല്ല. മനുഷ്യർ അവൻെറ ആധിപത്യത്തെ നിരാകരിച്ചാൽ പോലും അവൻെറ ആധിപത്യത്തിൽ അല്പം പോലും കുറവ് വരുത്താൻ അതുമൂലം സാധിക്കുകയില്ല. സൃഷ്ടികളായ സൃഷ്ടികൾ മുഴുവൻ അവൻെറ മാത്രം ദാസ്യവും പരമാധിപത്യവും അംഗീകരിച്ചാലും അതവൻെറ ആധിപത്യത്തിൽ അല്പം പോലും വർധനവ് വരുത്തുകയുമില്ല. അവനെ അംഗീകരിച്ച് ജീവിക്കുന്നത് മനുഷ്യജീവിതത്തിൻെറ സുരക്ഷിതത്വത്തിന് പ്രയോജനപ്പെടും. മറിച്ചായാൽ അതിൻെറ നഷ്ടവും അവനു തന്നെയായിരിക്കും.

---

لَمْ يَلِدْ ലം യലിദ്

അവൻ (ആരുടെയും സന്താനമായി) ജനിച്ചിട്ടില്ല.

ചോദ്യകർത്താക്കൾക്കുള്ള ഉത്തരമായി പറയുന്ന മറ്റൊരു കാര്യമാണിത്. ബഹുദൈവ വിശ്വാസികൾ വെച്ചുപുലർത്തിയിരുന്ന ഒരു അബദ്ധസങ്കല്പമാണ് ദൈവത്തിന് വംശങ്ങളുണ്ടെന്നത്. മനുഷ്യരെപ്പോലെ ദൈവവും വിവാഹജീവിതം നയിക്കുന്നുണ്ടെന്നും അതിനാൽ ദൈവം പൂർവദൈവത്തിന് പിറന്ന സന്താനമായിരിക്കാമെന്നുമൊക്കെ അവരുടെ സങ്കല്പത്തിൻെറ ഭാഗം തന്നെയായിരുന്നു. അത് അവരുടെ വിശ്വാസത്തെ കൂടുതൽ സങ്കീർണമാക്കുകയാണ് ചെയ്തിരുന്നത്. അവയിൽ പ്രധാനമായും തഴെ പറയുന്ന സംഗതികൾ ഉൾക്കൊണ്ടിരുന്നു.

ഒന്ന്, ദൈവം ഏകനല്ല, അനേകമുണ്ട്.

രണ്ട്, മരണമടക്കമുള്ള സൃഷ്ടിപരമായ ദൗർബല്യങ്ങൾ ദൈവത്തിനുമുണ്ട്.

മൂന്ന്, ദൈവത്തിൻെറ കഴിവ് അംശിക്കപ്പെടുന്നതും മറ്റൊന്നിൽ ചേരുന്നതുമാണ്.

ഈ സങ്കല്പങ്ങളുടെയെല്ലാം അടിവേരറുത്തുകൊണ്ട് ഖുർആൻ സ്ഥാപിക്കുന്ന കാര്യമാണിത്: അവൻ ആരുടെയും സന്താനമല്ല. അവൻ ജനിച്ചിട്ടുമില്ല. അവൻെറ അസ്തിത്വം എന്നും ഉണ്ടായിരുന്നു. അതെന്നും നിലനില്ക്കുകയും ചെയ്യും.

അജ്ഞാനകാല ബഹുദൈവവിശ്വാസികളുടെ സങ്കല്പത്തെ ഖുർആൻ ഇങ്ങനെ ചിത്രീകരിക്കുന്നു:

*“അല്ലാഹുവിനും ജിന്നുകൾക്കുമിടയിൽ അവർ കുടുംബബന്ധം സ്ഥാപിക്കു കയും ചെയ്തിരിക്കുന്നു. എന്നാൽ തീർച്ചയായും തങ്ങൾ ശിക്ഷക്ക് ഹാജരാക്കപ്പെടുക തന്നെ ചെയ്യുമെന്ന് ജിന്നുകൾ മനസ്സിലാക്കിയിട്ടുണ്ട്.”* (അൽഫുർഖാൻ: 158)

---

وَلَمْ يُولَدْ ലം യലിദ്

അവൻ -സന്താനത്തെ- ജനിപ്പിച്ചിട്ടുമില്ല.

---

മുൻ വചനത്തിൻെറ വിശദീകരണത്തിൽ സൂചിപ്പിച്ചതുപോലെ ബഹുദൈവവിശ്വാസികൾ വെച്ചുപുലർത്തിയിരുന്ന സങ്കല്പമായിരുന്നു അല്ലാഹുവിന് സന്തതികൾ ഉണ്ടെന്ന കാര്യം. മാലാഖമാരെ അവർ ദൈവത്തിൻെറ സന്തിതകളായി ആരോപിച്ചു. അതുപോലെ ചില ആളുകളെയും - അവർ പ്രവാചകരാകട്ടെ അല്ലാത്തവരാകട്ടെ - ദൈവപുത്രന്മാരായി അവർ സങ്കല്പിച്ചിരുന്നു.

ഈ സങ്കല്പങ്ങൾക്കാധാരം ദൈവത്തിന് വംശാവലിയുണ്ടെന്ന അവരുടെ മൂഢധാരണയായിരുന്നു. അതാകട്ടെ ദൈവം ഏകനല്ല പലതാണ് എന്ന അവരുടെ വിശ്വാസത്തിന് കൂടുതൽ സ്വാധീനം നല്കുന്നതായിരുന്നു.

അവരുടെ അവകാശപ്രകാരം, ദൈവം പുത്രന്മാരെ സ്വീകരിക്കാനും അവർക്ക് ജന്മം നല്കാനുമുള്ള കാരണം അവൻ നാശത്തിന് വിധേയനാണെന്ന - അല്ലാഹുവിൽ ശരണം - അവരുടെ സങ്കല്പത്തിന് കൂടുതൽ ശക്തി നല്കുന്നതിനുവേണ്ടിയായിരുന്നു. നശിക്കുന്നവർക്കാണല്ലോ തങ്ങളെ അനന്തരമെടുക്കും വിധം ഭാവിതലമുറ ആവശ്യമായി വരുന്നത്.

സന്താനം ജനിക്കണമെങ്കിൽ അനിവാര്യമായും സ്ത്രീസംസർഗം നടക്കണം. അതിലൂടെ തൻെറയും അവളുടെയും അംശസംയോജനമായിട്ടാകണം കുഞ്ഞ് ജനിക്കുന്നത്. ഈ സങ്കല്പമാകട്ടെ ദൈവം അംശിക്കപ്പെടാൻ അർഹനാണെന്ന അവരുടെ മറ്റൊരു മൂഢധാരണയുടെ ഫലമായിരുന്നു.

ഇത്തരം ചിന്തകൾ ബഹുദൈവവിശ്വാസമാണെന്നതോടൊപ്പം ദൈവത്തിൻെറ അനിവാര്യമായ ഗുണങ്ങളെ നിഷേധിക്കൽ കൂടിയാകുന്നു. അതിൽ പ്രധാനമത്രെ മേൽ പറഞ്ഞ അഹദ്, അസ്സ്വമദ് എന്നീ ഗുണങ്ങൾ.

ഇത്തരം മൂഢധാരണകളെ തിരുത്തിക്കൊണ്ട് അല്ലാഹു പറയുന്നു, “അവൻ ആരുടെയും സന്താനമല്ല, അവൻ സന്താനത്തെ ജനിപ്പിച്ചിട്ടുമില്ല.”

ഇക്കാര്യം ഖുർആൻ പല സ്ഥലങ്ങളിലും ആവർത്തിച്ചു പ്രഖ്യാപിക്കുകയുണ്ടായി. ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

*“ഏകനായ ആരാധ്യൻ മാത്രമാകുന്നു അല്ലാഹു. പുത്രനുണ്ടാവുകയെന്നതിൽനിന്ന് അവൻ ഏറെ പരിശുദ്ധനാകുന്നു.”* -അധ്യായം 4: 171

“അറിയുവിൻ, അവർ അല്ലാഹുവിന് സന്താനങ്ങളുണ്ടെന്ന് വ്യാജം ചമയ്ക്കുകയാകുന്നു.”

*“അല്ലാഹു പുത്രനെ സ്വീകരിച്ചിട്ടുള്ളതായി ഇവർ ജല്പിക്കുന്നു. അവനെത്ര പരിശുദ്ധൻ. അവർ ദൈവപുത്രന്മാരാണെന്ന് പറയപ്പെടുന്നവർ അവൻെറ ആദരണീയ ദാസന്മാരാകുന്നു.”* -അധ്യായം 21: 20

*“അറിയുവിൻ, ഇക്കൂട്ടർ അല്ലാഹുവിന് മക്കളുണ്ടെന്ന് കള്ളം കെട്ടിച്ചമക്കുകയാകുന്നു. തീർച്ചയായും അവർ കള്ളം പറയുന്നവർ തന്നെയാണ്.”* -അധ്യായം 37: 151-52

*“അല്ലാഹു പുത്രനെ സ്വീകരിച്ചെന്ന് ജനം പറഞ്ഞുകളഞ്ഞു. അവനെത്ര പരിശുദ്ധൻ. അവൻ സ്വയം പര്യാപ്തനാകുന്നു. ആകാശഭൂമികളൊക്കെയും അവൻെറതാണ്. നിങ്ങൾ ഈ ജല്പിക്കുന്നതിന് നിങ്ങളുടെ പക്കൽ വല്ല തെളിവുമുണ്ടോ?”* -അധ്യായം 17: 111

ഇതത്രെ ഇവ്വിഷയകമായി ഖുർആൻെറ അവകാശവാദം. അല്ലാഹുവാണല്ലോ തന്നെക്കുറിച്ച് കൂടുതൽ അറിയുന്നവൻ. അവൻ തന്നെക്കുറിച്ച് ഒരു പരമാർഥം പറഞ്ഞാൽ അത് അംഗീകരിക്കുകയത്രെ മനുഷ്യൻെറ ബാധ്യത. അവനെ തിരുത്തൽ വിവേകമല്ല.

ഖുർആൻ പരിചയപ്പെടുത്തുന്ന ഏകദൈവവിശ്വാസം മനുഷ്യസങ്കല്പങ്ങളിലെ എല്ലാവിധ ന്യൂനതകളിൽനിന്നും കലർപ്പുകളിൽനിന്നും മുക്തമാക്കുകയും അവൻെറ ഏകത്വത്തിനും നിസ്തുലതക്കും വെല്ലുവിളിയായേക്കാവുന്ന എല്ലാ പഴുതുകളെയും അടക്കുകയും ചെയ്തുകൊണ്ടുള്ളതാണ്. ഒരു ഭാഗത്ത് മനുഷ്യൻെറ പ്രകൃതിപരമായ ആവശ്യനിർവഹണ പ്രകൃതവും അത്തരത്തിലുള്ള ദൗർബല്യവും മറുവശത്ത് ദൈവത്തിൻെറ ഗാംഭീര്യവും പരിശുദ്ധിയും ഒരേ ശക്തിയിൽ ആരോപിക്കുന്നത് വളരാത്ത ചിന്തയുടെ സൃഷ്ടിയാകുന്നു. അവൻെറ ഔന്നിത്യം മനുഷ്യഭാവനക്ക് വിധേയമല്ല. ദൈവം മനുഷ്യന് നല്കിയ പരിമിതമായ ചിന്തയും അറിവും കൊണ്ട് അത് കണ്ടെത്തുക സാധ്യമല്ല.

ഏകദൈവത്തിൻെറ താല്പര്യങ്ങൾക്ക് നിരക്കാത്ത എല്ലാ ചിന്തകളും ഏകദൈവവിശ്വാസമെന്ന വിശുദ്ധിയെ നേരിടാൻ വിവിധ താല്പര്യക്കാർ പടച്ചെടുത്ത സങ്കല്പങ്ങൾ മാത്രമാണ്. അത്തരം ചിന്തകൾക്ക് ഓരോ കാലഘട്ടത്തിലും അവയുടെ തായ സാമൂഹിക പശ്ചാത്തലം കൂടി കണ്ടെത്താനാകും. ദൈവത്തെ കാരുണ്യത്തിൻെറ നിറകുടമായി പരിചയപ്പെടുത്തിയപ്പോൾ ആ സങ്കല്പം മനുഷ്യചിന്തയിൽ ദൈവം ഒരു പിതാവാണെന്ന ഭാവന ഉണർത്തി. ആ സങ്കല്പത്തിൻെറ അരിക് പറ്റി ദൈവപുത്രസങ്കല്പം വളർന്നുവന്നു. തങ്ങൾക്ക് അടുപ്പമുള്ളവരെയൊക്കെ ദൈവപുത്രന്മാരായി ഗണിക്കാൻ അതുതന്നെ തികച്ചും മതിയായിരുന്നു. എന്നാൽ ഈ സങ്കല്പങ്ങൾക്കും ഭാവനകൾക്കും യാഥാർഥ്യത്തിനു മുമ്പിൽ അല്പം പോലും നിലനില്പില്ല എന്നതാണ് വാസ്തവം.

നേരത്തെ സൂചിപ്പിച്ചതുപോലെ പുത്രൻ എന്ന സങ്കല്പം ഒരമ്മയുടെ സാന്നിധ്യത്തെ അനിവാര്യമാക്കുന്നു. അമ്മയും പുത്രനും ചേർന്നത് ഒരു കുടുബഘടനയുടെ അനിവാര്യമായ അടിസ്ഥാനമാകുന്നു. അത് ഏകദൈവത്വ വിഭാവനക്ക് ഘടകവിരുദ്ധമാണ്. പുത്രൻ എന്ന അസ്തിത്വമാകട്ടെ, ദിവ്യത്വം ഉള്ളതായിരിക്കണം. ദിവ്യത്വം അനന്തരമെടുക്കപ്പെടുന്നതോ പാരമ്പര്യമായി വന്നചേരുന്നതോ ആയ സംഗതിയാണെന്ന ധാരണയിലേക്ക് അത് മനുഷ്യചിന്തയെ നയിക്കും. അതും ദൈവത്തിൻെറ ഏകത്വപദവിക്കും വിശുദ്ധിക്കും അവൻെറ കഴിവുകൾക്കും വിരുദ്ധമാണെന്നു മാത്രമല്ല, സ്വന്തം താല്പര്യങ്ങൾക്കായി പരസ്പരം കലഹിക്കുന്ന ദൈവഗണങ്ങളെ പ്രതിഷ്ഠിക്കാനും മനുഷ്യൻ നിർബന്ധിതരാകുകയും ചെയ്യും.

അവൻെറ കഴിവുകളെക്കുറിച്ച് ചിന്തിക്കുക. അതിലൂടെ അവനുമായി അടുക്കുവാനുള്ള വഴി കണ്ടെത്തുക. അതത്രെ മനുഷ്യരുടെ ബാധ്യത.

---

وَلَمْ يَكُن لَّهُ كُفُوًا أَحَدٌ വലം യകുല്ലഹു കുഫുവൻ അഹദ്

അവന് തുല്യനായി ഒന്നുമില്ല.

---

കുഫ്വ് എന്ന പദം തുല്യൻ, സദൃശൻ തുടങ്ങിയ അർഥങ്ങളിലെല്ലാം ഉപയോഗിക്കുന്നുണ്ട്. ഈ അർഥങ്ങളൊക്കെ ഇവിടെ ഉദ്ദേശ്യമാണ്. ഒന്നിനോട് കിടപിടിക്കുന്നത് അഥവാ അതിന് തുല്യമായത്, അതുപോലെയുള്ളത് തുടങ്ങിയ സങ്കല്പങ്ങളാണല്ലോ തുല്യൻ, സദൃശൻ തുടങ്ങിയ പദങ്ങൾ നമ്മുടെ മനസ്സിൽ ഉണ്ടാക്കുന്നത്.

മനുഷ്യലോകത്ത് മാത്രം കണ്ടുവരുന്ന വൈരുധ്യമാണ് വിവിധതരം ദൈവങ്ങളെ സങ്കല്പിക്കുകയും അവയ്ക്കൊക്കെ ചിന്തയോ വീണ്ടുവിചാരമോ ഇല്ലാതെ തൻെറ ആരാധനകളർപ്പിക്കുകയും ചെയ്യുന്ന പ്രവണത. മനുഷ്യന് തിരിച്ചറിയാനാകാത്ത വിധം പിശാച് അവനെ മാർഗഭ്രംശത്തിലാക്കുന്നതിനാലാണ് അത്തരം ദുർമാർഗാചരണം അവനിൽ സംഭവിക്കുന്നത്. മനുഷ്യനെയാണല്ലോ പിശാചിന് വഴി തെറ്റിക്കാനുള്ളത്.

ഖുർആൻെറ മുമ്പിലുള്ള ബഹുദൈവവിശ്വാസികളായ എല്ലാ വിഭാഗങ്ങളോടുമുള്ള പ്രഖ്യാപനമാണിത്. കാരണം, അവർ എക്കാലത്തും വെച്ചുപുലർത്തിയിരുന്ന ഒരു സങ്കല്പമാണ് ദൈവം അനവധിയാണെന്ന കാര്യം. ഖുർആൻ പറഞ്ഞു: “ഏകനായ ദൈവത്തിന് സന്താനങ്ങളില്ല. ഇണകളില്ല. അവൻ ആരുടെയും സന്താനവുമല്ല. അവന് വംശമില്ല.” ഈ യാഥാർഥ്യം മനസ്സിലാക്കിയിട്ടും ജനം മൂഢധാരണകൾ കൈവെടിയാൻ വിസമ്മതിച്ചപ്പോൾ

ഖുർആൻ ചോദിച്ചു: ആകാശഭൂമികളെ പടച്ചവനും അവയുടെ മേൽ ആധിപത്യമുള്ളവനുമായ ഏകദൈവത്തിന് എങ്ങനെയാണ് തുല്യനായി മറ്റൊരു ശക്തിയുണ്ടാവുക? ഇത് കേവലം ഒരു ചോദ്യമല്ല, ഏകദൈവത്വവിഭാവനക്ക് വിരുദ്ധമായി മനുഷ്യൻ മെനഞ്ഞെടുത്ത അബദ്ധ സങ്കല്പങ്ങളെ നിരാകരിക്കുന്ന പ്രസ്താവനയാണ്.

പല ജനതകളും സംസ്കാരങ്ങളും, ദൈവം വിവാഹം കഴിക്കുകയും ഭാര്യമാരുമായി ഇണചേരുകയും കുഞ്ഞുങ്ങൾ ജനിക്കുകയും ചെയ്യുന്നതായി വിശ്വസിക്കുന്നുണ്ട്. ഈ വിശ്വാസത്തിന് ഏറെ പഴക്കവുമുണ്ട്. ദേവന്മാരെയും ദേവികളെയും ദൈവത്തിൻെറ സന്താനങ്ങളായി സങ്കല്പിച്ചുകൊണ്ടുള്ള വിശ്വാസാചാരങ്ങൾ ഭാരതത്തിലും, മാലാഖമാരെ ദൈവത്തിൻെറ സന്താനങ്ങളായി സങ്കല്പിച്ചുകൊണ്ടുള്ള വിശ്വാസം അജ്ഞാനകാല അറബികളിലും തതുല്യമായ സങ്കല്പം റോമൻ-യവന സംസ്കാരങ്ങളിലുമൊക്കെ ഏതോ നിലക്ക് സ്ഥാനം പിടിച്ചിരുന്നു. ഈ സങ്കല്പം കാലം ചെല്ലുംതോറും വികലമാവുകയും വർധിക്കുകയുമാണുണ്ടായത്. അതാകട്ടെ മനുഷ്യനെ അവൻെറ യഥാർഥ ദൈവത്തെ കണ്ടെത്തുന്നതിനെ തടയുകയും സൃഷ്ടി എന്ന നിലക്ക് മനുഷ്യൻ ദൈവത്തോട് കാണിക്കേണ്ട സമീപനങ്ങളെ നശിപ്പിക്കുകയുമാണ് ചെയ്തത്.

ദൈവത്തിനുണ്ടെന്ന് ആദ്യകാല മനുഷ്യർ കരുതിപ്പോന്നിരുന്ന കഴിവുകൾക്ക് സചേതന രൂപം നല്കി ഏകദൈവാസ്തികൃത്തെ വികലമാക്കിയ ഒരുതരം രീതി ഒരുഭാഗത്ത്, മറുഭാഗത്ത് വളരാത്ത മനുഷ്യചിന്തയുടെ, ദൈവത്തെ സംബന്ധിച്ച വിഭാവന ഏറെക്കുറെ മാനുഷികദൗർബല്യങ്ങളോടെ ആവിഷകരിക്കുകയും അവയ്ക്ക് മാനുഷിക സ്വഭാവങ്ങളോടെ മൂർത്തരൂപം രചിച്ചു ദൈവികവിഭാവനയെ മനുഷ്യൻെറ ചിന്തക്ക് അന്യമാക്കുകയും ചെയ്ത ഒരു രീതി മറുഭാഗത്ത്. അതോടൊപ്പം ചില പ്രത്യേക വ്യക്തികൾക്ക് ദൈവപുത്ര പദവി നല്കി വിശ്വാസരംഗത്ത് ബഹുത്വസങ്കല്പം അമികാമ്യമായി കരുതിയ വിശ്വാസങ്ങൾ വേറെയും. ചിലർ ദൈവത്തിന് സന്താനസൗഭാഗ്യമില്ലാത്തതിനാൽ ദത്തുപുത്രന്മാരെ സങ്കല്പിച്ചു. ഇതൊക്കെ മനുഷ്യനിൽ ഏകദൈവത്തെ സംബന്ധിച്ച യഥാർഥ ചിത്രം വികലമാക്കിയ സാഹചര്യത്തിലാണ് ഖുർആൻ ലേകത്തെ പഠിപ്പിച്ചത്: "അവന് തുല്യമായി ഒന്നുമില്ല."

അവനെപ്പോലെ ഒന്നുമില്ല എന്നും ഖുർആൻ പ്രസ്താവിക്കുകയുണ്ടായി.

ലോകം മറന്നുകളഞ്ഞ യഥാർഥ ദൈവികവിഭാവനയിലേക്ക് അവരെ തിരിച്ചുകൊണ്ടുവരികയായിരുന്നു ഖുർആൻ അതുവഴി ചെയ്തത്. തന്മയത്വത്തോടു കൂടിയ ആ വിശ്വാസത്തിനു മുമ്പിൽ മേൽ സൂചിപ്പിച്ച വികലവിശ്വാസങ്ങളുടെയും സങ്കല്പങ്ങളുടെയും ഒരു ചിത്രവും ദർശിക്കാൻ സാധിക്കുകയില്ല. വിശ്വാസരംഗത്തെ അവ്യക്തതകളും പ്രയാസങ്ങളും സാങ്കേതിക പ്രശ്നങ്ങളും അവിടെ കാണാനാകില്ല. സർവാധിപതിയും സർവസ്രഷ്ടാവും ആരാധ്യനുമായ ഏകദൈവത്തെ സംബന്ധിച്ച യഥാർഥ ചിത്രമാണവിടെ കാണാനാവുക. സങ്കല്പങ്ങൾക്കും ഉത്തരം കിട്ടാത്ത ചോദ്യങ്ങൾക്കും ഭാവനകൾക്കും പകരം കറകളഞ്ഞ യാഥാർഥ്യമാണവിടെ ദർശിക്കാനാകുക. മൂർത്തീസങ്കല്പത്തിൻെറ യാതൊരു ആവശ്യകതയും അവിടെ നേരിടുന്നില്ല. ഏത് സാധാരണക്കാരനും പ്രാപ്യമായ രീതിയിൽ അവൻ തന്നോട് സമീപസ്ഥനായിരിക്കുന്നു, അവിടെ. അവനിൽ വിശ്വാസമർപ്പിച്ച ആരുടെയും പ്രാർഥന അവൻ വേഗം സ്വീകരിക്കുന്നു. അതിന് ഒരു ഇടയാളൻെറയും ആവശ്യം അവിടെയില്ല.

ഏകദൈവത്തിന് സദൃശമായി ഒന്നുമില്ലാത്തതുപോലെ ഒന്നിനെയും അവന് സാദൃശ്യമുള്ളതാക്കാനും പാടില്ല. ഇത് എല്ലാ മത-വേദങ്ങളുടെയും അടിസ്ഥാന അധ്യാപനങ്ങളാണ്. നേരെത്ത സൂചിപ്പിച്ചതുപോലുള്ള എല്ലാ സങ്കല്പങ്ങളിൽനിന്നും അവയുടെ അധ്യപനങ്ങൾ അടിസ്ഥാനപരമായി വിശുദ്ധങ്ങളാണ്. പിന്നീട് മനുഷ്യൻ ദൈവവചനത്തെ തിരുത്തുകയും പൗരോഹിത്യം അവയെ വളർത്തിയെടുക്കുകയും ചെയ്തു എന്നത് വേറെ കാര്യം. അവയ്ക്ക് യാഥാർഥ്യവുമായി യാതൊരു ബന്ധവുമില്ല.

ദൈവത്തിൻെറ കഴിവുകളും ഗുണങ്ങളും അവകാശപ്പെടാവുന്ന ഒന്നും തന്നെ പ്രപഞ്ചത്തിലില്ല. അങ്ങനെ കരുതുന്നതു തന്നെ ഏകദൈവവ വിശ്വാസത്തിന് വിരുദ്ധവും ദൈവം പൊറുക്കാത്ത പാതകവുമാണ്. ഈ പാതകം മറ്റു സൃഷ്ടിലോകത്തിന് അജ്ഞാതമാണെന്ന് ഖുർആൻ തന്നെ നമ്മെ പഠിപ്പിക്കുകയുണ്ടായി. വിശ്വാസപരമായി അവയെ സ്വാധീനിക്കേണ്ട ഗതികേട് പിശാചിനില്ല. അവന് വഴി തെറ്റിക്കാനുള്ളത് മനുഷ്യനെയാണ്. അവനതിന് രീതികൾ ആവിഷ്കരിച്ചുകൊണ്ടിരിക്കും. ആദർശങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയുമൊക്കെ ഭാവങ്ങളിൽ അവക്ക് മനുഷ്യരിൽ സ്വാധീനം ചെലുത്താനാകും.

ഇവിടെ മനസ്സിലാക്കേണ്ട സംഗതി ഇതത്രെ:

1. ഏകദൈവത്തെ സംബന്ധിച്ച് മനുഷ്യർ പഠിപ്പിക്കപ്പെട്ടതും തുടർന്ന് അവർ വിസ്മരിക്കുകയും ചെയ്തിരുന്ന യാഥാർഥ്യമാണ് ഇവിടെ വരച്ചുകാണിക്കുകയും മനുഷ്യനെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നത്.

2. ബഹുദൈവത്വത്തിലധിഷ്ഠിതമായ ഒരു അധ്യാപനവും വ്യവസ്ഥയും ദൈവം ഒരിക്കലും മനുഷ്യരെ പഠിപ്പിച്ചിട്ടില്ല. പിൽക്കാലത്ത് ഉടലെടുത്തത് മനുഷ്യഭാവനകൾ നെയ്തെടുത്ത സങ്കല്പങ്ങളാകുന്നു.
3. മനുഷ്യൻ ദൈവത്തെ സംബന്ധിച്ച് വെച്ചുപുലർത്തിയിരുന്ന മൂഢധാരണകളെയും സങ്കല്പങ്ങളെയും തിരുത്തിയതിന് ശേഷമാണ് ഏകദൈവ സംബന്ധമായ യാഥാർഥ്യമെന്തെന്ന് അവനെ ബോധ്യപ്പെടുത്തുന്നത്. മനുഷ്യന് തന്റെ വിശ്വാസത്തിനും സംസ്കാരത്തിനും അതിനെ അടിത്തറയാക്കാനാണ് അപ്രകാരം ചെയ്തത്.
4. ഇതല്ലാത്ത എല്ലാ വിഭാവനകളെയും ദൈവം എതിർക്കുകയും നിരാകരിക്കുകയും ചെയ്യുന്നു. അത്തരം സങ്കല്പത്തിലൂടെ ഏകദൈവത്തെ അംഗീകരിക്കുവാനും സമീപിക്കുവാനും സാധിക്കില്ല.

ഏകദൈവത്തെ സംബന്ധിച്ച് അവൻ തന്നെ സ്വയം വെളിപ്പെടുത്തിയ ഈ യാഥാർഥ്യം അംഗീകരിക്കുകയാണ് മനുഷ്യകുലത്തിന്റെ ബാധ്യത.